മാതൃഭൂമി

26 September 2017

### നീക്കം കേന്ദ്ര നിർദേശത്തെ തുടർന്ന്

# മീൻ പിടിക്കാൻ ശാസ്ത്രീയ മാർഗരേഖയ്ക്കായി സംസ്ഥാനങ്ങൾ

കെ.പി. പ്രവിത

**കൊച്ചി:** സുസ്ഥിര മത്സ്യബന്ധനത്തിനും ഉത്പാദനത്തിനുമായി ഇനി ശാസ്ത്രീയ മാർഗരേഖയും. മത്സ്യസമ്പത്ത് സംരക്ഷിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് സംസ്ഥാനങ്ങൾ ശാസ്ത്രീയ മാർഗരേഖ തയ്യാറാക്കുന്നത്. കേന്ദ്ര നിർദേശത്തിന്റെ ചുവടുപിടിച്ചാണ് ഈ നീക്കം.

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ.) നേതൃത്വത്തിലാണ് ഇതിന്റെ പഠന പ്രവർത്തനങ്ങൾ.

കേരളം, കർണാടകം, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങൾക്കായി സി.എം.എഫ്.ആർ.ഐ. മാർഗരേഖ തയ്യാറാക്കി നൽകി. ഗുജറാത്തിന്റെയും തമിഴ്നാടിന്റെയും മാർഗരേഖ അന്തിമഘട്ടത്തിലാണ്. താമസിയാതെ ഇത് സമർപ്പിക്കും. കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിനായുള്ള പഠനത്തിന് അടുത്ത മാസം തുടക്കമാകും. പഠനത്തിന് ഏപ്രിലിൽ ധാരണയായതാണ്.

ഓരോ സ്ഥലത്തെയും മത്സ്യസമ്പത്ത്, എത്രത്തോളം മത്സ്യം പിടിക്കുന്നു,

ഭീഷണി നേരിടുന്ന ഇനങ്ങൾ, പിന്തുടരേണ്ട മത്സ്യബന്ധന രീതികൾ, മത്സ്യ ഉത്പാദനം കൂട്ടുന്നതിനുള്ള വഴികൾ എന്നിവയെല്ലാം പഠനത്തിന്റെ ഭാഗമായി കണ്ടെത്തും.

പഠന ശൃംഖലയിൽ ഏറ്റവും പുതിയത് ലക്ഷദ്വീപിനായുള്ള പഠനമാണ്. 132 കിലോമീറ്റർ വരുന്നതാണ് ലക്ഷദ്വീപിന്റെ തീരപ്രദേശം. ദ്വീപിലെ ജനങ്ങളുടെ പ്രധാന ഉപജീവന മാർഗങ്ങളിലൊന്നാണ് മത്സ്യബന്ധനം.

മത്സ്യങ്ങളിൽ പ്രധാനം ചൂരയാണ്. മറ്റു സ്ഥലങ്ങളിൽ കാണുന്നതിൽനിന്നും വ്യത്യസ്തമാണ് ലക്ഷദ്വീപിന്റെ ആഴക്കടലിൽ കാണുന്ന ചൂരയെന്ന് പദ്ധതിയുടെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ കെ. മുഹമ്മദ് കോയ പറഞ്ഞു.

തനത് മത്സ്യബന്ധന രീതികളുടെ പിൻബലത്തിൽ ട്യൂണയ്ക്ക് ഗ്രീൻ സർട്ടിഫിക്കേഷനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ലക്ഷദ്വീപിലെ നാലു ദ്വീപുകൾ കേന്ദ്രീകരിച്ചാണ് പഠനം. അഗത്തി, കവരത്തി, മിനിക്കോയ്, ആന്ത്രോത്ത് എന്നീ ദ്വീപുകളിലാണിത്. മത്സ്യസമ്പത്തിന്റെ ചൂഷണം തടയുകയെന്ന ലക്ഷ്യത്തോടെയാണ് ശാസ്ത്രീയ മാർഗരേഖയ്ക്ക് കേന്ദ്രം നിർദേശം നൽകിയത്. സി.എം.എഫ്.ആർ.ഐ. തയ്യാറാക്കി നൽകുന്ന മാർഗരേഖയിൽ തീരുമാനങ്ങളെടുക്കേണ്ട ചുമതല അതത് സംസ്ഥാനങ്ങൾക്കാണ്.